LIBRARY ARCHIVES Kerala Legislative Assembly

കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾ

19 (*559) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ കാലവർഷംമൂലമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) നാശനഷ്ടങ്ങൾക്കിരയായവർക്കുള്ള സമാശ്വാസ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചത് ;

(സി) ആശ്വാസ നടപടികളുടെ കേന്ദ്രീകൃത മോണിറ്ററിംഗിന് ഏർപ്പെടുത്തിയ സംവിധാനമെന്താണെന്നു വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) 2015-ലെ കാലവർഷത്തിൽ ഇതുവരെ കണക്കാക്കിയിട്ടുള്ള നാശനഷ്ടങ്ങളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായിചേർക്കുന്നു.*

(ബി) വെള്ളപ്പൊക്കംമൂലം ഭവനരഹിതരായവരെ അടിയന്തര സാഹചര്യത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപാർപ്പിച്ചിട്ടുണ്ട്. ദുരിത ബാധിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള ഫണ്ട് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(സി) ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ കൺട്രോൾ റൂമുകളിലൂടെ ജില്ലകളിൽ നിന്നും നാശനഷ്ടങ്ങളെ സംബന്ധിച്ച് ദിനംപ്രതിയുള്ള വിവരങ്ങൾ ശേഖരിക്കുന്നതും സമാഹൃത രൂപത്തിൽ തയ്യാറാക്കുന്നതും സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമാണ്. കാലവർഷം തീരുന്ന മുറയ്ക്ക് വിശദമായ കണക്കുകൾ ജില്ലകളിൽനിന്നും മറ്റ് വകുപ്പുകളിൽനിന്നും ശേഖരിക്കുകയും ആയതിൻമേൽ ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യും. കാലവർഷത്തിന് മുന്നോടിയായി ജില്ലകൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിർദ്ദേശം നൽകുകയും ആയതനുസരിച്ച് ജില്ലകൾ സ്വീകരിച്ച നടപടികൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. അവശ്യഘട്ടങ്ങളിൽ State Emergency Operations Centre-ഉം ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.